# LK -TECH 22



*LITTLE KITE MAGAZINE 2022-2023*

**MIHSS FOR GIRLS PUDUPONNANI**

# ഉള്ളടക്കം

പ്രധാന അധ്യാപകൻ...............................................................................................................3

പ്രിൻസിപ്പൾ.........................................................................................................................4

Dy HM.....................................................................................................................5

കൈറ്റ് .............................................................................................................................6

..........................................................................................................................7

............................................................................................................................8

............................................................................................................................9

THE VALUE OF FREEDOM.................................................................................10

എന്റെ കുട്ടിക്കാലം.........................................................................................................11

കേരനാടിന്റെ മാറ്റം.......................................................................................................13

തോരാത്ത പ്രണയം*.........................................................................................................14




ചിന്തയേയും സർഗ്ഗവാസനകളേയും വികസിപ്പിക്കുകയും സ്വപ്നങ്ങളെ ആകാശത്തിലേക്കുയർത്തുകയും ചെയ്യുന്ന പുതുപൊന്നാനി *MIHSS FOR GIRLS* ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ നന്മകളും നേരുന്നു.

***Head Master***

***Jarjees Rahman***



UMMER C


प्यार
प्यार बनाता है मनुष्य को पशु कभी ,
प्यार बनाता है पशु को मनुष्य कभी ।
प्यार मिलन कराता है मनुष्य को कभी '
प्यार अलग कराता है, मनुष्य को कभी
प्यार र लाता है मनुष्य को कभी
प्यार हँसाता है मनुष्य को कभी
प्यार नहीं तो चैन नहीं
प्यार मिले तो बेचैन नहीं ।
प्यार सच है , अमर है , प्यार ही ईशवर है ।



അക്ബർഷാ പി.എൻ
SITC

## "കൈറ്റ് "

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് കൈറ്റ് (പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ). പൊതുവിദ്യാഭ്യാസ വകുപ്പിനു കിഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐ.ടി@സ്കൂൾ പ്രോജക്ട് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾകൂടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും 'കൈറ്റ്' ആണ്.ഒരു ഐ.ടി അധിഷ്ഠിത കമ്പനിയായാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001 ലാണ് ഐടി@സ്കൂൾ പ്രോജക്ട് രൂപീകരിച്ചത്. 2005 ൽ പത്താംക്ളാസിൽ ഐടി പാഠ്യവിഷയമായതും എഡ്യൂസാറ്റ് സംവിധാനവും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നടപ്പാക്കിയതും ഐടി@സ്കൂളിനെ ശ്രദ്ധേയമാക്കി. 2008 എസ്എസ്എൽസി പരീക്ഷ പൂർണമായും സ്വതന്ത്രസോഫ്റ്റ്വെയറിലേക്കുമാ

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പൊതു വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനായി സർക്കാരുമായി ഒത്തുചേർന്ന് പ്രവർത്തിക്കുന്ന ഒരു ശക്തമായ സപ്പോർട്ടിംഗ് സംവിധാനമാണ് "കൈറ്റ് "




VIII A



MEENA M T

# പൊതു വിദ്യാലയം

പാഠം ഇനിയൊരു ഉത്സവമായ്
അറിവുകൾ മധുരം കിനിയുകയായ്
കൊതിയോടെ അലിവോടെ ഊറിവരുന്നത്
കണ്ടോ മാളോരെ ഇത് കണ്ടോ മാളോരെ
തെയ്തക തെയ്തക ..ആ, തെയ്തക തെയ്തക
ഒരു പാടിനി അലയേണ്ട
ഒട്ടുംതന്നെ വലയേണ്ട
കോട്ടുവായിട്ടൊരു പാഠം ഇനി വേണ്ട വേണ്ട
തെയ്തക തെയ്തക ..ആ, തെയ്തക തെയ്തക
വരവായി കൗതുകപ്പെട്ടി തെളിവായി ചിത്രങ്ങൾ
മനവും മതിയും മതിവരുവോളം
പറന്നുപാടി തെളിയട്ടെ
തുറന്നിടട്ടെ പ്രപഞ്ചവാതിൽ
കടന്നിടട്ടെ........ കുരുന്നുകൾ
അറിവനക്ഷയ ഖനികളിൽ നിന്നി
തുടിച്ചു പൊങ്ങട്ടെ
തെയ്തക തെയ്തക ..ആ, തെയ്തക തെയ്തക
അഭിമാനത്താലുയർന്നിടട്ടെ പൊതു വിദ്യാലയം
അർത്ഥത്തിന്റെ വിടവില്ലാതെ
വളർന്നു പൊങ്ങട്ടെ ..പുതിയൊരു
തലമുറ വിടരട്ടെ
അ...തെയ് തക തെയ് തക ..ആ, തെയ് തക തെയ് തക

MARIYU P

**മുൻ ലിറ്റിൽ കൈറ്റ് മിസ്ട്രസ്**

# ട

കുട്ടി പെണ്ണിൻ പെട്ടിയിലുള്ളൊരു
പൊട്ടും കമ്മിളുട്ടുകളിട്ടിട്ടൊരു
കൊട്ടാരം കെട്ടിപൊക്കി...............
കുട്ടികൊമ്പനു നെറ്റിപട്ടം
കെട്ടി കൊട്ടക്കെ.....പൊട്ടിപോയി
നെറ്റിപട്ടവും.......കുട്ടിപെണ്ണിൻ
പൊട്ടിച്ചിരികളും.....................



# THE VALUE OF FREEDOM

**Once there was a sailor who was caught as a prisoner of war. He spent many years as a prisoner. He had only bitter experience I the prison. After some years the war ended and the sailor was let free. He was returning to his native town. On his way home he reached London. There he saw a bird seller with cages of birds. The sailor bought all the cages of birds from the man. Then he set all the birds free. He did so because he knew that the caged birds wanted freedom. Only a prisoner can understand the problem of another prisoner.**

Aswani. K. B



## എന്റെ കുട്ടിക്കാലം....

എന്നും ഉണരുന്ന് ഒരേഒരു ഉദ്ധേശതതിലാണ്,ദിവസം മുഴുവൻ കളിച്ചു തീർക്കണം എന്നതിൽ.രാവിലെ ഭക്ഷണം കഴിച്ച ഉടനെ ഞങ്ങൾ ഇറങ്ങും തോടുകൾ തോറും മീൻ തേടി.ചൂണ്ടയിടാൻ അറിയാത്തതിനാൽ കൂട്ടത്തോടെ നീന്തുന്ന മീനുകൾക്കിടയിൽ മെല്ലെ കൈ വെച്ച് ഒറ്റ പിടുത്തം പിടിക്കും മണിക്കൂറുകൾ അങ്ങനെ ഇരിക്കൂം. ചില ദിവസങ്ങളിൽ മീനുകൾളെ കിട്ടും. എന്നാൽ മിക്ക ദിവസങ്ങളിലും ഞങ്ങൾക്ക് കിട്ടാറില്ല.കിട്ടിയ മീനുകൾളെ ആരും അറിയാതെ വെല്ലിമ്മാടെ പഴയ ഭരണിയിൽ ഞങ്ങൾ വളർത്തും.ഭൂരിഭാഗം ചത്ത് പോവും.ഇതൊക്കെ അല്ലെ ഒരു സമയം പോക്ക്.
സമയം ഏതാണ്ട് ഉച്ചയായാൽ ഞങ്ങൾ തിരിച്ചുപോകും.ഭക്ഷണം കഴിക്കാൻ എത്തിയില്ലേൽ വഴക്കു കിട്ടും. ഉച്ചസമയം ഞങ്ങൾ ചെലവഴിക്കുന്നത് ഞങ്ങടെ ഉണ്ണിപുരയിലാണ്.വളരെ ശാഞവും സമാധാനവും ഉള്ള ഞങ്ങളുടെ പുര.അതെങ്ങനെ ഉണ്ടാക്കിയതെന്നറിയണോ?ഒരാൾ മെല്ലെ ആരുമറിയാതെ വീടിന്റെ പിൻവശത്തുകൂടെ അടുക്കളയിലേക്കുകയറി കത്തി എടുക്കും.ഒരാൾ ആരെങ്കിലും വരുന്നുണ്ടോന്ന് നോക്കി നിൽക്കും.ചിലപ്പോഴൊക്കെ പിടിക്കപ്പെടാറുണ്ട് .അങ്ങനെ കുറേ മരക്കൊമ്പുകൾ വെട്ടി ഉണ്ണിപുരയുടെ കാലുകൾ മണ്ണിലുറപ്പിക്കും. പിന്നെ ഓലകൾ വെട്ടി മേലെ മറക്കും. പിന്നീട് നാലു ഭാഗം മറിക്കാനായി മൂത്തുമ്മാടെ പഴയ സാരി ഞങ്ങൾ എടുക്കും.എന്തെങ്കിലും പ്രശ്നം ഉണ്ടാക്കിയാൽ ഉമ്മമാര് പൊളിച്ചിടും എന്ന ബോധത്തോടെയാണ് ഞങ്ങൾ ഉണ്ടാക്കുന്നത്.

അങ്ങനെ ഉച്ചയ്ക്ക് ഭക്ഷണം കഴിച്ച് എല്ലാവരും ഉണ്ണിപുരയിലെത്തും.എന്നിട്ട് എല്ലാവരും കിടന്നുറങ്ങുന്ന സമയം നോക്കി പുളിയും പച്ചമാങ്ങയും ചാമ്പക്കയുമൊക്കെ എറിഞ്ഞു പൊട്ടിക്കും.ഉണ്ണിപുരയിലേക്കു വരുമ്പോൾ ആരെങ്കിലും ഉപ്പും മുളകും കടലാസിൽ പൊതിഞ്ഞ് കൊണ്ടുവരും.അങ്ങനെ അന്ന് കിട്ടിയതെല്ലാം കഴുകി ഉപ്പും മുളകും ഇട്ട് കുഴച്ചുവെക്കും.ഇനിയാണ് ഏറ്റവും വലിയ പണി.ഇത് ഉണക്കാനായി ആരുമറിയാതെ വീടിന്റെ ടെറസ്സിൽ കയറണം.നാലു പേർ വീടിന്റെ നാലു ഭാഗത്തായി ആരെങ്കിലും വരുന്നുണ്ടോന്ന് നോക്കി നിൽക്കും .ഒരാൾ പയ്യെ പയ്യെ കാലുകൾ വെച്ച് കയറും. വേഗത്തിൽ കയറിയാൽ താഴേക്ക് ശബ്ദം കേൾക്കും.അങ്ങനെ അതിസാഹസികമായി ഉണക്കാൻ വെക്കും.ഉപ്പും മുളകും ഇട്ട് കൊഴക്കാൻ പാത്രം ഒക്കെ ഉണ്ണിപുരയിൽ തയ്യാറാക്കിയിട്ടുണ്ട്.അങ്ങനെ വെയിൽ പോകുന്നതുവരെ ഉണ്ണിപുരയിൽ ഇരുന്ന് ചെറിയ കളികൾ കളിക്കും.

വെയിൽ പോയാൽ ഞങ്ങൾ മുറ്റത്തേക്കിറങ്ങും
ചട്ടിപന്ത്,ഫുട്ബോൾ,ഓടിപിടുത്തം

ജസ ഫാത്തിമ
9B





**കേരനാടിന്റെ മാറ്റം**

കളം കളം പാടുന്ന പുഴയും പച്ചവിരിച്ച മരതകതോപ്പും സുന്ദരമാം മനം കുളിർക്കുന്ന ഇളം കാറ്റിനൊപ്പം നൃത്തം ചെയ്തു ഉല്ലസിക്കുന്ന മാമരങ്ങളും മില്ലില്ല എന്ന് നാട്ടിൽ രാപ്പകലില്ലാതെ പറമ്പിൽ കിളച്ചും മറിച്ചും വിയർപ്പൊഴുക്കി ഉണ്ടാക്കുന്ന നെല്ലിന്റെത്ര രുചിയില്ല ഒരു ചോറിനുമിപ്പോൾ സ്വന്തം മാവിൽനിന്നും പറിച്ചെടുത്ത മാങ്ങയുടെ മധുരത്തിനു വണങ്ങാതെ വിഷവും മറ്റും കുത്തിക്കയറ്റിയ മാങ്ങകൾ വാങ്ങി പണം കൊടുത്തു മരണത്തെ വിളിച്ചു വരുത്തുന്നവർ കേരളം ആകെ മാറി കേരളത്തിലെ ജനങ്ങളും മാറി

**Hunaina. C. H**



# തോരാത്ത പ്രണയം*

നിന്നോളം മറ്റൊന്നും ഞാൻ കൊതിച്ചിട്ടില്ല...

തോരാത്ത പ്രണയം ആയിരുന്നു എനിക്ക് നിന്നിൽ ഞാൻ ഇന്നും പ്രണയിക്കുന്നു.

ആത്മാവിൽ അലിഞ്ഞു  ചേരാൻ വരുമോ എന്റെ പ്രണയമേ.....

കുപ്പി വളയിട്ട കൈകളും വാലിട്ടെഴുതിയ മിഴികളും എന്റെ പ്രണയത്തെ ഭ്രാന്തനാക്കുന്നു....

തോരാത്ത പ്രണയമായി ഞാൻ നിന്നിൽ ചെയ്തു കൊണ്ടിരിക്കും....

**Hunaina. C. H**



# യാത്രാവിവരണം...



Moideen kutty

ഒത്തിരി കാലങ്ങൾക്ക് ശേഷമാണ് കലാലയത്തിലെ പ്രിയപ്പെട്ട കൂട്ടുകാരിൽ ചിലർ (റഫീഖ്, ശ്യാം, മൊയ്തീൻ കുട്ടി. റഫീഖും മൊയ്തീൻ കുട്ടിയും സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരും ശ്യാം *BSNL* ലെ ഉദ്യോഗസ്ഥനു മാണിപ്പോൾ) നമ്മുടെ പ്രവാസത്തണു പ്പിലേക്കാണ് വന്നത് എന്നതൊരു ന്യൂനതയാണെങ്കിലും അവരോടൊപ്പം ചിലവഴിച്ച മണിക്കൂറുകൾ ചൂടു പകർന്നു. കാൽ നൂറ്റാണ്ട് പിന്നിടുന്ന പ്രവാസ ജീവിതത്തിൽ കാണാത്തിടങ്ങൾ കാട്ടാൻ ധൃതിപ്പെട്ട് നായകത്വം ഏറ്റെടുത്തു ഷാഫി. എന്റെ ആപ്പീസിൽ വന്ന് അല്പനേരം കാത്തിരുന്നു, ഫിലിപ്പിനോ ലിസ ഉണ്ടാക്കിയ കാപ്പി കുടിച്ച് ഞങ്ങൾ സംസം മന്തിയിലേക്ക് പോയി. മദ്ഹൂഫും മന്തിയും കഴിച്ച് ക്രസന്റ് സ്കൂളിലെ പ്രിൻസിപ്പലായ കൂട്ടുകാരൻ ഷറഫുവിന്റെ സാന്നിദ്ധ്യത്തിലേക്ക്.

വർണ്ണക്കടലാസുകൾ കൊണ്ട് അലംകൃതമാക്കിയ ക്ലാസ് റൂമുകൾ അവൻ കാട്ടിത്തന്നു.

ഔദ്യോഗിക വസ്ത്രമായ കോട്ട് അഴിച്ചു വച്ച് അവനും കൂടി ഞങ്ങളോടൊപ്പം.

പിന്നെ നേരെ പോയത് ജുമൈറ ബീച്ചിലേക്കാണ്.

കടപ്പുറക്കാഴ്ച്ചകളും തണുത്ത കാറ്റും ഞങ്ങളെ മറന്നു വച്ച കലാലയ ദിനങ്ങളിലേക്ക് പിൻ നടത്തി.

കേട്ടും പറഞ്ഞും ഞങ്ങൾ ജുമൈറ സൂക്കിലൂടെ പാരമ്പര്യ സംഗീതവും കാഴ്ച്ചകളും കണ്ട് പഴങ്കഥകൾ പറഞ്ഞ് നടന്നു.

തിരിച്ച് പോരും വഴി ഒരു കഫ്തീരിയയിൽ (ചായക്കട ) കയറി ലഘുഭക്ഷണം കഴിക്കുമ്പോൾ പറഞ്ഞ കഥകൾ മാത്രം മതി ഒരു പെരും നോവൽ തീർക്കാൻ !

കാലങ്ങൾ കലണ്ടർ വർഷങ്ങൾ മാത്രമാക്കുന്ന അതിശയമാണ് ഞങ്ങളുടെ സൗഹൃദം.

തുടങ്ങിയിട്ടേയുള്ളൂ, കേൾക്കാം കഥകളൊത്തിരിയിനിയും.

# ക്യാമ്പസുകൾ രാജ്യത്തോട് ചെയ്യുന്നത്...



കെ വി നദീർ

രാജ്യം എന്ത് ആവശ്യപ്പെടുന്നുവൊ അത് നൽകുന്നതാണ് കാമ്പസ്. രാജ്യത്തെ കാമ്പസുകൾ അതാണിപ്പോൾ നൽകി കൊണ്ടിരിക്കുന്നത്. എത്ര സർഗ്ഗാത്മകമാണ് അവരുടെ പോരാട്ടം. തോക്കും ലാത്തിയുമായി എതിരിടാനെത്തുന്നവർക്കു നേരെ റോസാ പൂക്കൾ നീട്ടുന്നു. പാട്ട്പാടുന്നു. പുഞ്ചിരിച്ചുകൊണ്ട് മുദ്രാവാക്യം മുഴക്കുന്നു. വേഷം കൊണ്ട് അക്രമിയെ തിരിച്ചറിയാനാകുമെന്ന് പറഞ്ഞ ഭരണാധികാരിക്കു നേരെ വസ്ത്രമുരിഞ്ഞ് പ്രതിഷേധിക്കുന്നു. പഴയ ചരിത്രങ്ങൾ പഠിക്കുകയല്ല, പുതിയ ചരിത്രങ്ങൾ രചിക്കുകയാണ് ലക്ഷ്യമെന്നവർ പ്രഖ്യാപിക്കുന്നു. ക്ലാസ് മുറി വിട്ട് അവർ തെരുവിലിറങ്ങിയത് കൂടെയുള്ളവർക്ക് വേണ്ടിയായിരുന്നു. രാജ്യത്തിനു വേണ്ടിയായിരുന്നു. പവിത്രമായ ഭരണഘടനക്ക് വേണ്ടിയായിരുന്നു. ഇന്ത്യയെന്ന വികാരമായിരുന്നു അവരുടെ മുദ്രാവാക്യങ്ങളിൽ നിറഞ്ഞത്. മതേതരത്വവും സമത്വവും തുളുമ്പി നിന്നു.

ജാമിഅ മില്ലിയയിൽ നിന്നാണ് തുടങ്ങിയത്. രാജ്യത്തെ വിഭജിക്കുന്ന വിചാരങ്ങളോട് അവർക്ക് രാജിയാകാനായില്ല. അടിച്ചൊതുക്കാൻ വന്നവർക്കു നേരെ അവർ വിരൽ ചൂണ്ടി. പിടിച്ചു കൊണ്ടു പോയവർക്കായി മരം കോച്ചുന്ന തണുപ്പിലും കാവലിരുന്നു. ഇമവെട്ടാതെ നോക്കി നിന്നു. നിലക്കാത്ത ശബ്ദത്തിൽ ആർത്തു വിളിച്ചു. നേരം പുലർന്നപ്പോൾ കാമ്പസുകൾ ഓരോന്നായി ഉണർന്നു. പുസ്തകം മടക്കി വെച്ച് തെരുവിലേക്കിറങ്ങി. ഭീഷണികളെ അതേ സ്വരത്തിൽ

നേരിട്ടു. കൂസലില്ലാതെ, പതർച്ചയില്ലാതെ അവർ ഉറച്ചു നിന്നു. ചോദ്യങ്ങളുയർത്തി. പ[illegible]ല്ല രാജ്യമാണ് പ്രധാനമെന്നവർ ആണയിട്ടു. ജവഹർലാൽ നെഹ്റു സർവ്വകലാശാല, ബനാറസ് ഹിന്ദു സർവ്വകലാശാല, മദ്രാസ് സർവ്വകലാശാല എന്നിങ്ങനെ ഓരോരുത്തരായി ഒപ്പം ചേർന്നു.

സ്വാതന്ത്ര്യ സമര പോരാട്ട കാലത്ത് കണ്ട അതേ വീറും വാശിയും. അടിയന്തരാവസ്ഥ കാലത്തെ അതേ ചങ്കുറപ്പ്. ഒരേ ശബ്ദമായിരുന്നു അവരിൽ നിന്ന് പുറത്തുവന്നത്. സ്വാതന്ത്ര്യം... ജനാധിപത്യം... ഭരണഘടന... ഇന്ത്യ. കലാപം അവരുടെ മുന്നിൽ ലക്ഷ്യമായിരുന്നില്ല. സംഘർഷത്തിനും അവരില്ലായിരുന്നു. ഇന്ത്യയെന്ന വികാരമാണ് അവരിൽ അണപൊട്ടിയത്. അറിഞ്ഞതും പഠിച്ചതുമായ ഇന്ത്യയെ നശിപ്പിക്കാനാകില്ലെന്നതായിരുന്യാതൊന്നിന്റെ പേരിലും രാജ്യത്തെ വെട്ടിമുറിക്കാനാകില്ലെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നു. കാമ്പസിന്റെ വായ് മൂടിക്കെട്ടാൻ നടക്കുന്നവർ കാണുന്നില്ലേ ഈ റോസാപ്പൂ വിപ്ലവം.

കാമ്പസിന്റെ കവാടങ്ങളിൽ കെട്ടിത്തൂക്കിയ രാഷ്ട്രീയ നിരോധന ബോർഡുകളെ നോക്കി സഹതപിക്കാം. കാമ്പസിൽ നിന്ന് പുറത്തു വരേണ്ടത് പാഠപുസ്തകങ്ങളിൽ നിന്നുള്ള നേർത്ത ശബ്ദങ്ങൾ മാത്രമാണെന്ന് വാദിച്ചവർ എതിർശബ്ദങ്ങളെ അപശബ്ദങ്ങളായി കണ്ടവരാണെന്ന് പറയാം. കാമ്പസിന്റെ വായകളെ എത്രതന്നെ പൊത്തിപ്പിടിച്ചാലും സകല ബന്ധനങ്ങളേയും ഭേദിച്ച് ഉഗ്രശബ്ദമായി അവ പുറത്തു വരിക തന്നെ ചെയ്യും. ഹനിക്കപ്പെടുന്ന സകല അവകാശങ്ങൾക്കുമേലും എക്കാലത്തും ശബ്ദമുയർത്തിയിട്ടുണ്ട് കാമ്പസുകൾ. അവയിപ്പോഴും തുടരുന്നു. ഇനിയുമത് തുടരും. കാമ്പസ് ഇടിമുഴക്കങ്ങളുടേതാണ്. നിർവ്വികാരതയുടേതല്ല.




Liya Nasrin X-A



**അനുഭവങ്ങൾ ഉണ്ടാകുന്നത് മോശം**
**തീരുമാനങ്ങളിൽ നിന്നാണ് അതാണ് ജീവിതം....**
**അതിനാൽ ഇതുവരെയെടുത്ത മോശം**
**തീരുമാനങ്ങളെയോർത്തു വിഷമിക്കാതിരിക്കുക**
**അതിൽ നിന്ന് നിങ്ങൾ പഠിച്ചത്**
**നല്ല പാഠങ്ങളാണ്**

## എ പി ജെ അബ്ദുൽ കലാം

## .......ശുഭം....